2024
MAY
09
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## സംവിധായകൻ സംഗീത് ശിവൻ അന്തരിച്ചു



**മുംബൈ:** സംവിധായകനും ഛായാഗ്രഹകനുമായ സംഗീത് ശിവൻ(65) അന്തരിച്ചു. മുംബൈയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെയായിരുന്നു അന്ത്യം. യോദ്ധ,വ്യൂഹം,ഗാന്ധർവം,നിർണയം തുടങ്ങിയ ചിത്രങ്ങളുടെ സംവിധായകനാണ്. മലയാളം, ഹിന്ദി ഭാഷകളിലായി ഇരുപതോളം ചിത്രങ്ങൾ സംവിധാനം ചെയ്തു.

രഘുവരൻ നായകനായ വ്യൂഹം എന്ന ചിത്രത്തിലൂടെയാണ് (1990) സംവിധായകനായി അരങ്ങേറിയത്. തുടർന്ന് യോദ്ധ, ഡാഡി, ജോണി, ഗാന്ധർവം, നിർണയം, സ്നേഹപൂർവം അന്ന തുടങ്ങിയ ചിത്രങ്ങൾ സംഗീത് ഒരുക്കി. 'ജോണി'ക്കു മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള സംസ്ഥാന അവാർഡ് ലഭിച്ചു.

1997ൽ സണ്ണി ഡിയോൾ നായകനായ 'സോർ' എന്ന സിനിമയിലൂടെ ബോളിവുഡിൽ തുടക്കം. സന്ധ്യ, ചുരാലിയാ ഹേ തുംനേ, ക്യാ കൂൾ ഹേ തും, അപ്ന സപ്ന മണി മണി, ഏക്ക് പവർ ഓഫ് വൺ, ക്ലിക്ക്, യാംല പഗ്ല ദീവാന 2 എന്നീ ഹിന്ദി ചിത്രങ്ങൾ സംവിധാനം ചെയ്തു. മലയാളത്തിൽ ഇഡിയറ്റ്സ്, ഇ എന്ന ചിത്രങ്ങളിൽ നിർമാതാവുമായി.

ഫൊട്ടോഗ്രാഫറും ഛായാഗ്രഹകനുമായ ശിവന്റെ മകനാണ് സംഗീത്. പ്രശസ്ത ഛായാഗ്രഹകൻ സന്തോഷ് ശിവൻ, സംവിധായകൻ സഞ്ജീവ് ശിവൻ എന്നിവർ സഹോദരങ്ങളാണ്.



# ബ്രസീലിലെ കനത്ത മഴയും വെള്ളപ്പൊക്കവും; 100 മരണം

**സാവോ പോളോ:** തെക്കൻ ബ്രസീലിലെ റിയോ ഗ്രാൻഡെ ഡോ സുൾ സംസ്ഥാനത്ത് ഒരാഴ്ചയിലേറെ നീണ്ട മഴയിലും വെള്ളപ്പൊക്കത്തിലും കുറഞ്ഞത് 100 പേർ മരിച്ചു. ഒരു ലക്ഷത്തോളം വീടുകൾ തകരുകയോ സാരമായ കേടുപാടുകൾ സംഭവിക്കുകയോ ചെയ്തു.

നാഷണൽ കോൺഫെഡറേഷൻ ഓഫ് മുനിസിപ്പാലിറ്റികൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ കവിഞ്ഞൊഴുകുന്ന നദികളും വെള്ളപ്പൊക്കവും ഏകദേശം 1.45 ദശലക്ഷം ആളുകളെ ബാധിച്ചു. ഏകദേശം 200,000 ജനങ്ങളെ അവരുടെ വീടുകൾ വിട്ടുപോകാൻ നിർബന്ധിതരാക്കുകയും ചെയ്തു.

സിവിൽ ഡിഫൻസ് ഏജൻസിയിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ഏപ്രിൽ 29 ന് ദുരന്തമുണ്ടായതിന് ശേഷം എല്ലാ തരത്തിലുമുള്ള 99,800 വസതികൾക്ക് പൂർണമായോ ഭാഗികമായോ കേടുപാടുകൾ സംഭവിച്ചു.

ഭവന, പൊതു അടിസ്ഥാന സൗകര്യങ്ങൾ, കൃഷി, കന്നുകാലി, വ്യവസായം, വാണിജ്യം, സേവനങ്ങൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടം കണക്കിലെടുത്ത് 4.6 ബില്യൺ റിയാൽ (ഏകദേശം •904 ദശലക്ഷം) സാമ്പത്തിക നഷ്ടം കോൺഫെഡറേഷൻ കണക്കാക്കുന്നു.

## എസ്എസ്എൽസി ഫലം പ്രഖ്യാപിച്ചു: 99.69 % വിജയം

**തിരുവനന്തപുരം:** ഈ വർഷത്തെ എസ്എസ്എൽസി ഫലം പ്രഖ്യാപിച്ചു. 202324 വർഷത്തെ എസ്എസ്എൽസി, റ്റിഎച്ച്എസ്എൽസി, എഎച്ച്എസ്എൽസി പരീക്ഷാ ഫലങ്ങളാണ് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പ്രഖ്യാപിച്ചത്. 99. 69 ശതമാനമാണ് ഈ വർഷത്തെ വിജയം. കഴിഞ്ഞ വർഷത്തേക്കാൾ നേരിയ കുറവാണ് വിജയ ശതമാനമാണ് ഇത്തവണ.



## സംസ്ഥാനത്ത് വേനൽ മഴ കൂടുതൽ ശക്തമാകാൻ സാധ്യത

**തിരുവനന്തപുരം:** സംസ്ഥാനത്ത് വരും ദിവസങ്ങളിൽ വേനൽ മഴ കൂടുതൽ ശക്തമാകാൻ സാധ്യത. വെള്ളിയാഴ്ചയും ശനിയാഴ്ചയും കൂടുതൽ പ്രദേശങ്ങളിൽ മഴ ലഭിച്ചേക്കും.

തിരുവനന്തപുരം, കൊല്ലം, തൃശൂർ ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതായി കാലാവസ്ഥ വകുപ്പ് അറിയിച്ചു.

മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ട്. ആലപ്പുഴ, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

## എസ്എസ്എൽസി: അടുത്തവർഷം മുതൽ പുതിയ രീതി

തിരുവനന്തപുരം: എസ്എസ്എൽസി പരീക്ഷ ജയിക്കാൻ എഴുത്തുപരീക്ഷയ്ക്കു മിനിമം മാർക്ക് വേണമെന്ന രീതി തിരികെവരുന്നു. അടുത്തവർഷം മുതൽ എഴുത്തുപരീക്ഷയിൽ ഓരോ വിഷയത്തിനും കുറഞ്ഞത് 30% മാർക്ക് നേടുന്നവർക്ക് ഉപരിപഠന യോഗ്യത നൽകിയാൽ മതിയെന്ന നിർദേശമാണ് സർക്കാർ നടപ്പാക്കാനൊരുങ്ങുന്നത്. എസ്എസ്എൽസി ഫലപ്രഖ്യാപന വേളയിൽ മന്ത്രി വി.ശിവൻകുട്ടി ഇക്കാര്യം വ്യക്തമാക്കിയെങ്കിലും തിരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ ഔദ്യോഗിക പ്രഖ്യാപനമുണ്ടായില്ല. 9 ാം ക്ലാസ് വരെ മാർക്ക് പരിഗണിക്കാതെ എല്ലാവരെയും ജയിപ്പിക്കുന്ന രീതിയിലും മാറ്റം പരിഗണിക്കുന്നതായി മന്ത്രി വ്യക്തമാക്കി.

നിലവിൽ നിരന്തര മൂല്യനിർണയത്തിലൂടെ സ്കൂൾ തലത്തിൽ നൽകുന്ന 20% മാർക്ക് കൂടി ചേർത്താണ് ഉപരിപഠന യോഗ്യതയ്ക്കുവേണ്ട 30% കണക്കാക്കുന്നത്. നിരന്തര മൂല്യനിർണയത്തിലെ 20% മാർക്ക് മിക്ക വിദ്യാർഥികൾക്കും പൂർണമായി നൽകാറുമുണ്ട്. ബാക്കി 10% മാർക്ക് മാത്രം എഴുത്തുപരീക്ഷയിലൂടെ നേടിയാൽ മതിയെന്നതാണു സ്ഥിതി. ഇതു കടുത്ത നിലവാരത്തകർച്ചയ്ക്കു കാരണമാകുന്നുവെന്ന വിമർശനം ശക്തമാണ്. സ്വന്തം പേര് തെറ്റു കൂടാതെ എഴുതാൻ അറിയാത്തവർ പോലും എസ്എസ്എൽസിക്ക് എ പ്ലസ് നേടുന്നുവെന്നു പൊതുവിദ്യാഭ്യാസ ഡയറക്ടർ തന്നെ പറഞ്ഞത് ഏറെ ചർച്ചയായിരുന്നു.

പുതിയ പരിഷ്കാരം നടപ്പാക്കിയാലും എല്ലാ വിഷയങ്ങളിലും നിരന്തര മൂല്യനിർണയം തുടരും. എന്നാൽ, ഇതിനൊപ്പം 40 മാർക്കിന്റെ എഴുത്തുപരീക്ഷയ്ക്ക് 12 മാർക്കും 80 മാർക്കിന്റെ പരീക്ഷയ്ക്ക് 24 മാർക്കും നേടണമെന്നു വ്യവസ്ഥ ചെയ്യും. അതോടെ എസ്എസ്എൽസി വിജയനിരക്ക് കുറയാനും സാധ്യതയുണ്ട്. വിദ്യാഭ്യാസ വിദഗ്ധരുമായുള്ള കൂടിയാലോചനകൾക്കു ശേഷമാകും മാറ്റം നടപ്പാക്കുകയെന്നും അതിനായി വിദ്യാഭ്യാസ സമ്മേളനം വിളിക്കുമെന്നും മന്ത്രി അറിയിച്ചു.





## ചെസ് പ്രോത്സാഹിപ്പിക്കാൻ 65 കോടി രൂപ ബജറ്റുമായി ഓൾ ഇന്ത്യ ചെസ് ഫെഡറേഷൻ

**കൊച്ചി:** രാജ്യത്ത് ചെസ് പ്രോത്സാഹിപ്പിക്കാൻ 65 കോടി രൂപയുടെ ബജറ്റ് പ്രഖ്യാപിച്ച് ഓൾ ഇന്ത്യ ചെസ് ഫെഡറേഷൻ (എ.ഐ.സി.എഫ്). എല്ലാ വീട്ടിലും ചെസ് എത്തിക്കുക എന്നതാണ് ലക്ഷ്യം. തുടക്കക്കാർ മുതൽ പ്രൊഫഷണൽ കളിക്കാർ വരെയുള്ളവർക്ക് സാമ്പത്തികമായും അക്കാദമികവുമായ സഹായങ്ങൾ നൽകും. കൂടാതെ ദേശീയതലത്തിൽ എ.ഐ.സി.എഫ് പ്രോ, എ.ഐ.സി.എഫ് പോപ്പുലർ എന്നീ പരിപാടികളും സംഘടിപ്പിക്കും. ജനറൽബോഡി യോഗത്തിന് ശേഷം, ഫെഡറേഷൻ പ്രസിഡന്റ് നിതിൻ നാരംഗ് ആണ് പ്രഖ്യാപനം നടത്തിയത്.കളിക്കാർക്കും പരിശീലകർക്കും പിന്തുണ നൽകുന്നതിനായി പ്രത്യേക ചെസ് ഡെവലപ്മെന്റ് ഫണ്ട്, ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള അസോസിയേഷനുകൾക്ക് ധനസഹായം, മുൻനിര ചെസ് താരങ്ങൾക്കായി നാഷണൽ ചെസ് അരിന (എൻ.സി.എ), ഇന്ത്യൻ കളിക്കാർക്കായി പ്രത്യേക റേറ്റിംഗ് സിസ്റ്റം (എ.ഐ.സി.എഫ്) എന്നിവയാണ് മറ്റ് പദ്ധതികൾ. ഇവ വരുംവർഷങ്ങളിൽ നടപ്പിലാക്കാനാണ് തീരുമാനം.

## എസ് കെ ഫിനാൻസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** രാജ്യത്ത് വാഹന, എംഎസ്എംഇ വായ്പ രംഗത്ത് അതിവേഗം വളരുന്ന എസ് കെ ഫിനാൻസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഒരു രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരികളുടെ ഐപിഒയിലൂടെ 2,200 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 500 കോടി രൂപയുടെ പുതിയ ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 1700 കോടി രൂപയുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെന്റ് അഡ്വൈസേഴ്സ് ലിമിറ്റഡ്, നോമുറ ഫിനാൻഷ്യൽ അഡ്വൈസറി ആൻഡ് സെക്യൂരിറ്റീസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.


## ഗവ. ഫാർമസിസ്റ്റ് അസോസിയേഷൻ സംസ്ഥാന സമ്മേളനം തിരുവല്ലയിൽ

**തിരുവല്ല:** കേരള ഗവ. ഫാർമസിസ്റ്റ് അസോസിയേഷൻ സംസ്ഥാന സമ്മേളനം 10,11 തീയതികളായി തിരുവല്ല ബിലീവേഴ്സ് ചർച്ച് യൂത്ത് സെൻറർ ഹാളിൽ നടക്കും.

നാളെ രാവിലെ ഒൻപതിന് രജിസ്ട്രേഷൻ, 9.30ന് സംസ്ഥാന പ്രസിഡൻറ് എസ്. വിജയകുമാർ പതാക ഉയർത്തും. പത്തിന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സമ്മേളനം ഉദ്ഘാടനം ചെയ്യും. മാത്യു ടി. തോമസ് എംഎൽഎ അധ്യക്ഷത വഹിക്കും. 11. 45ന് പ്രതിനിധി സമ്മേളനത്തിൻറെ ഉദ്ഘാടനം മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിക്കും. ജോബ് മൈക്കിൾ എംഎൽഎ അധ്യക്ഷത വഹിക്കും. തുടർന്ന് ജനറൽ സെക്രട്ടറി എം.എസ്. മനോജ് കുമാർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കും.

വൈകുന്നേരം 4.30ന് സാംസ്കാരിക സമ്മേളനവും യാത്രയയപ്പും ആൻറോ ആൻറണി എംപി ഉദ്ഘാടനം ചെയ്യും. സംസ്ഥാന വൈസ് പ്രസിഡൻറ് ഡി.എൻ. അനിത അധ്യക്ഷത വഹിക്കും. 11നു രാവിലെ ഒൻപതിന് പ്രതിനിധി സമ്മേളനം, ചർച്ച, മറുപടി, അംഗീകാരം എന്നിവ നടക്കും. ശ്രീധരൻ മേലേത്തൊടി, കല വൈ. പവിത്രൻ, പി. വിനോദ് കുമാർ, വി.എസ്. ഷൈജു, ബി. ബിജൽ കുമാർ, കെ.ജി. ശ്രീകുമാർ എന്നിവർ പ്രമേയങ്ങൾ അവതരിപ്പിക്കും. 12ന് സംസ്ഥാന കൗൺസി യോഗവും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടക്കും

## ഫാറ്റി ലിവർ ക്ലിനിക് ആദ്യമായ് കൊല്ലത്ത്




**കൊട്ടിയം:** കൊല്ലം ജില്ലയിലെ ആദ്യത്തെ ഫാറ്റി ലിവർ ക്ലിനിക്കിൻറെ പ്രവർത്തനം കൊട്ടിയം ഹോളി ക്രോസ് ആശുപതിയിൽ തുടങ്ങി. ഫാറ്റി ലിവർ ക്ലിനിക്കിൻറെ ഉദ്ഘാടനവും കരൾ രോഗ ബോധവത്കരണ സെമിനാറും 11 ന് രാവിലെ 10ന് ഹോളി ക്രോസ് ഹോസ്പിറ്റൽ മെഡിക്കൽ ഗ്യാസ്ട്രോ ഓ പി വിഭാഗത്തിൽ നടത്ത ും.

ഫാറ്റി ലിവർ ഡിസീസ്, സിറോസിസ് ഓഫ് ലിവർ , കരൾ രോഗത്തിനുള്ള ആരോഗ്യകരമായ ഭക്ഷണക്രമങ്ങൾ, ഫാറ്റി ലിവറും വ്യായാമങ്ങളും എന്നീ വിഷയങ്ങളെ ആസ്പദമാക്കി വിദഗ്ധഡോക്ടർമാർ, ക്ലിനിക്കൽ ന്യൂട്രീഷൻ, ഫിസിയോതെറാപ്പിസ്റ്റ് എന്നിവർ നേതൃത്വം നൽകുന്ന സെമിനാറുകൾ നടക്കും.

ഫാറ്റി ലിവർ ക്ലിനിക്കിൽ ലഭ്യമാകുന്ന സേവനങ്ങൾ അൾട്രാസൗണ്ട് സ്കാനിംഗ് ഓഫ് ലിവർ, ഫൈബ്രോ സ്കാൻ, ഫുൾ ലിവർ ഫംങ്ഷൻ ടെസ്റ്റ്, ഫാസ്റ്റിംഗ് ലിപിഡ് പ്രൊഫൈൽ, ആൻറി എച്ച്സിവി, ഹെപറ്റോളജി കൺസൾട്ടേഷൻ, ആഹാരക്രമങ്ങളെ പറ്റിയും വ്യായാമങ്ങളെ പറ്റിയുമുള്ള കൗൺസിലിംഗ് കൂടാതെ വിദഗ്ധരായ ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്. അമിതവണ്ണം, പ്രമേഹം, രക്തസമ്മർദം, കൊളസ്ട്രോൾ, മദ്യപാനം, പാരമ്പര്യമായുള്ള കരൾ രോഗങ്ങൾ എന്നിവയുള്ളവർക്കും ഹെപ്പറ്റൈറ്റിസ് ബാധിതർക്കും ഫാറ്റി ലിവർ ക്ലിനിക്കിൻറെ സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

ഫാറ്റി ലിവർ ക്ലിനിക്കിൻറെ ഉദ്ഘാടനത്തിൻറെ ഭാഗമായി ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് സൗജന്യ പരിശോധനയും ഫൈബ്രോ സ്കാനിഗും ഉണ്ടായിരിക്കുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട നമ്പർ :7736169222.

## ആശങ്ക ഉയർത്തി ജില്ലയിൽ ഡെങ്കിപ്പനി വർധിക്കുന്നു

**കൊച്ചി:** ആശങ്ക പടർത്തി ജില്ലയിൽ ഡെങ്കിപ്പനി ബാധിതരുടെ എണ്ണം വർധിക്കുന്നു. കഴിഞ്ഞ ഒരാഴ്ചക്കിടെ കൊച്ചി നഗരത്തിലുൾപ്പെടെ ജില്ലയുടെ വിവിധയിടങ്ങളിലായി 48 പേർക്കാണ് ഡെങ്കിപ്പനി സ്ഥിരീകരിച്ചിട്ടുള്ളത്. ഇതിനുപുറമേ എലിപ്പനി, മഞ്ഞപ്പിത്തം, ചിക്കൻപോക്സ്, മലേറിയ എന്നീ പകർച്ച വ്യാധികളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പനി പടരുന്ന സാഹചര്യത്തിൽ ആവശ്യമായ മുൻ കരുതൽ സ്വീകരിക്കണമെന്ന് ആരോഗ്യവിഭാഗം മുന്നറിയിപ്പ് നൽകുന്നു.

ചിക്കൻപോക്സ്45, മഞ്ഞപ്പിത്തം34, എലിപ്പനി7, മലേറിയ4 എന്നിങ്ങനെയാണ് മറ്റ് പനി കണക്കുകൾ. കളമശേരി, പൊന്നുരുന്നി, ചൂർണിക്കര, തമ്മനം, കുട്ടമ്പുഴ, പല്ലാരിമംഗലം, തേവര, പിറവം, കീഴ്മാട്, അയ്യമ്പുഴ, പിഴല, കലൂർ, മുളവുകാട്, മുനമ്പം, ഗോതുരുത്ത്, കൂനമ്മാവ്, വെണ്ണല, വരാപ്പുഴ, വെങ്ങോല, ബിനാനിപുരം, ചെറുവട്ടൂർ, മട്ടാഞ്ചേരി തുടങ്ങിയ പ്രദേശങ്ങളിലാണ് ഡെങ്കിപ്പനി കേസുകൾ അധികവും. അതേസമയം പനി പടരുന്ന സാഹചര്യത്തിലും നഗരത്തിലടക്കം ഫോഗിംഗ് ഉൾപ്പെടെയുള്ള നടപടികൾ അവതാളത്തിലാണ്.

ഇതോടെ കൊതുകിൻറെ ശല്യവും രൂക്ഷമാണ്. ഇടവിട്ടു പെയ്യുന്ന മഴയിൽ വെള്ളം കെട്ടിനിൽക്കുന്നതാണ് ഡെങ്കിപ്പനി പരത്തുന്ന ഈഡിസ് കൊതുകുകൾ പെറ്റുപെരുകാൻ കാരണം. മാലിന്യവും വെള്ളവും കെട്ടിക്കിടക്കുന്ന സാഹചര്യം ഒഴിവാക്കണമെന്ന് ആരോഗ്യ വിഭഗം മുന്നറിയിപ്പ് നൽകുന്നു. രോഗലക്ഷണങ്ങളുണ്ടെങ്കിൽ സ്വയം ചികിത്സ ചെയ്യാതെ ആരോഗ്യ പ്രവർത്തകരെ വിവരമറിയിക്കുകയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ തേടുകയും വേണം.

തൃക്കാക്കര, വാഴക്കുളം, കടയിരുപ്പ്, മഞ്ഞപ്ര എന്നീ പ്രദേശങ്ങളിലാണ് മലേറിയ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. മണീട്, ആലുവ, വേങ്ങൂർ, മൂക്കന്നൂർ, രായമംഗലം, എടവനക്കാട് എന്നിവിടങ്ങളിലാണ് എലിപ്പനി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

## ചൂടും വരൾച്ചയും: ക്ഷീരമേഖലയും തളരുന്നു

**നെന്മാറ:** കടുത്ത ചൂടും വരൾച്ചയും കാർഷിക മേഖലയെ പോലെ ക്ഷീര മേഖലയും ദുരിതത്തിൽ. ക്ഷീര സഹകരണ സംഘങ്ങളിൽ കർഷകർ നൽകുന്ന പാലിൻറെ അളവ് 65 ശതമാനത്തോളം കുറഞ്ഞു. വേനൽ കടുത്തതോടെ പച്ചപ്പുല്ല് ലഭ്യത കുറവും അന്തരീക്ഷ ചൂടും വർധിച്ചതാണ് പാൽ ഉത്പാദനത്തിൽ വൻ ഇടിവിന് കാരണമെന്ന് ക്ഷീര കർഷകർ ചൂണ്ടിക്കാണിക്കുന്നു.

ക്ഷീര സംഘങ്ങളിൽ നിന്ന് മിൽമയുടെ ചില്ലിംഗ് പ്ലാകളിലേക്ക് കയറ്റി അയക്കുന്ന പാലിലും ഗണ്യമായ കുറവ് അനുഭവപ്പെട്ടു തുടങ്ങി. 10 ബാരൽ വരെ പാൽ മിൽമയ്ക്ക് നൽകിയിരുന്ന ക്ഷീര സംഘങ്ങളിൽ നിന്ന് നാല് ബാരലിൽ താഴെ മാത്രമാണ് വേനൽ കടുത്തതോടെ കയറ്റി വിടുന്നുള്ളൂ.

ക്ഷീര സംഘങ്ങൾക്ക് പ്രാദേശിക വില്പനയിലൂടെ തന്നെ നടത്തിപ്പ് ചെലവ് ലഭിക്കുന്നതിനാൽ മിൽമയിലേക്ക് പാൽ കയറ്റി അയക്കാത്തത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കുന്നില്ല.

ചൂടുകാലത്ത് പച്ചപ്പുല്ലിന് പകരം അമിത വില നൽകി കാലിത്തീറ്റയിലൂടെ മാത്രം പാൽ ഉത്പാദനം കണ്ടെത്തേണ്ട സ്ഥിതിയിലാണ് ക്ഷീരകർഷകർ. ക്ഷീര സംഘങ്ങളിലെ പാൽ ലഭ്യതക്കുറവ് പ്രാദേശിക ചായക്കടകളെയും ബാധിച്ചു. ചായക്കടകളിലും പുറത്തുനിന്ന് കൊണ്ടുവന്നു നൽകുന്ന പാക്കറ്റ് പാലുകളെ ആശ്രയിച്ചു തുടങ്ങി.

മിക്ക സ്ഥലങ്ങളിലും പാക്കറ്റ് പാൽ വിതരണക്കാർ ചായക്കടകളിൽ പാൽ നേരിട്ട് വിതരണവും ആരംഭിച്ചു. അമിത ചൂടും പച്ചപ്പുല്ല് ലഭ്യതക്കുറവും 10 ലിറ്റർ വരെ പാൽ ക്ഷീര സംഘത്തിൽ നൽകിയിരുന്ന കർഷകരിൽ പലർക്കും നാല് ലിറ്ററിൽ താഴെയായി ചുരുങ്ങി. വേനൽ കടുത്തതോടെ കന്നുകാലികളെ കഴുകാനും തണലിൽ കെട്ടാൻ പോലും വഴിയില്ലാത്ത സ്ഥിതിയായി.

കന്നുകാലികളെ കഴുകിയിരുന്ന തോടുകളും കുളങ്ങളും വറ്റിയതോടെ വീട്ടുവളപ്പിലെ കുടിവെള്ളത്തിൽ നിന്നാണ് പൈപ്പ് ഉപയോഗിച്ച് കന്നുകാലികളെ കുളിപ്പിക്കുന്നത്. രണ്ടാംവിള കൊയ്ത്തു കഴിഞ്ഞാൽ കറവ പശുക്കളെയും മറ്റും നെൽപാട വരമ്പിൽ പുല്ലു മേയ്ക്കാൻ മുൻകാലങ്ങളിൽ കഴിഞ്ഞിരുന്നു.

വേനൽ കടുത്തതോടെ പുല്ല് ഉണങ്ങിയതും ഉഷ്ണക്കാറ്റും കന്നുകാലികളെ പുറത്തുവിടാൻ കഴിയാത്ത സ്ഥിതിയാക്കി. കല്ലമ്പറമ്പ്, കയറാടി, അടിപ്പെരണ്ട, പോത്തുണ്ടി, നെന്മാറ, അയിലൂർ തുടങ്ങി മേഖലയിലെ പ്രധാന ക്ഷീര സംഘങ്ങളിലും പാൽ സംഭരണം പകുതിയിൽ താഴെയായി കുറഞ്ഞതായി ക്ഷീരസംഘം ഭാരവാഹികൾ പറഞ്ഞു.

# സൗത്ത് ഇന്ത്യൻ ബാങ്കും നോർത്തേൺ ആർക് കാപിറ്റലും ധാരണാ പത്രം ഒപ്പുവെച്ചു

**കൊച്ചി:** വായ്പാ രംഗത്ത് നേട്ടമുണ്ടാക്കുന്ന സഹകരണത്തിനായി സൗത്ത് ഇന്ത്യൻ ബാങ്കും നോർത്തേൺ ആർക് കാപിറ്റലും ധാരണാ പത്രം ഒപ്പു വെച്ചു.

നോർത്തേൺ ആർകിന്റെ സാങ്കേതികവിദ്യാ പ്ലാറ്റ്ഫോമായ എൻപോസ് പ്രയോജനപ്പെടുത്താനും വായ്പകൾക്കു തുടക്കം കുറിക്കുന്ന നടപടി ക്രമങ്ങൾ, വിതരണം, അണ്ടർറൈറ്റിങ്, കളക്ഷൻ, റീകൺസിലിയേഷൻ തുടങ്ങിയ മേഖലകളെ മെച്ചപ്പെടുത്താനും ഈ സഹകരണം സൗത്ത് ഇന്ത്യൻ ബാങ്കിനെ സഹായിക്കുമെന്നും പുതുമയുള്ള പ്രവർത്തനങ്ങൾ അവതരിപ്പിക്കാനും സുസ്ഥിര വളർച്ച നേടാനുമുള്ള അചഞ്ചലമായ പ്രതിബദ്ധതയാണ് ഈ സഹകരണത്തിലൂടെ ദൃശ്യമാകുന്നതെന്നും സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ പി ആർ ശേഷാദ്രി പറഞ്ഞു. ഇരു സ്ഥാപനങ്ങളുടേയും കഴിവുകൾ കൂട്ടായി പ്രയോജനപ്പെടുത്തി സാമ്പത്തിക മേഖലയിലെ സാന്നിധ്യം കൂടുതൽ ശക്തമാക്കും. ബാങ്ക് ഇടപാടുകാർക്ക് മാത്രമല്ല ബന്ധപ്പെട്ട എല്ലാവർക്കും നേട്ടമുണ്ടാക്കാൻ സഹായിക്കുന്നതായിരിക്കും ഈ സഹകരണം. സാമ്പത്തിക മേഖലയിൽ പുതിയ നിലവാരങ്ങൾ സൃഷ്ടിക്കാൻ ഇതു സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഡിജിറ്റൽ മുന്നേറ്റങ്ങൾ ശക്തമാക്കുന്ന ഈ




സഹകരണത്തിൽ അതിയായ സന്തോഷം ഉണ്ടെന്നു നോർത്തേൺ ആർക് കാപിറ്റൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ ആഷിഷ് മെഹ്റോത്ര പറഞ്ഞു. മെച്ചപ്പെട്ട വായ്പവിതരണം , വ്യക്തിഗത ആനുകൂല്യങ്ങൾ, മികച്ച രീതിയിലെ ഇടപെടലുകൾ തുടങ്ങിയവയ്ക്ക് ഇതു സഹായകമാകും. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ വിപുലമായ സാന്നിധ്യവും നോർത്തേൺ ആർകിന്റെ ഈ രംഗത്തെ അനുഭവ സമ്പത്തും കൂടുതൽ ശക്തമായ മുന്നേറ്റം നടത്താൻ സഹായകമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചടങ്ങിൽ സൗത്ത് ഇന്ത്യൻ ബാങ്ക് സോണൽ കോർപ്പറേറ്റ് സെയിൽസ് മേധാവിയും ഡിജിഎമ്മുമായ യു രമേശ്, ഇൻവെസ്റ്റർ റിലേഷൻസ് മേധാവിയും എജിഎമ്മുമായ പ്രശാന്ത് ജോർജ്ജ് തരകൻ, മുംബൈ റീജണൽ മേധാവിയും ഡിജിഎമ്മുമായ പ്രജിൻ വർഗീസ്, നോർത്തേൺ ആർക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, ഡയറക്ട് ഒർഗനൈസേഷൻസ് അമിത്ത് മൻധന്യ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് മാർക്കറ്റ്സ് സന്ധ്യ ധവാൻ, ചീഫ് ഓഫ് സ്റ്റാഫ് ഗീതു സെഹ്ഗാൾ, സീനിയർ വൈസ് പ്രസിഡന്റ് മാർക്കറ്റ്സ് സുമന്ത് പോൾ തുടങ്ങിയവർ പങ്കെടുത്തു.

# ലിമിറ്റഡ് എഡിഷൻ മാമ്പഴ രുചിയുമായി ടിക് ടാക്

**കൊച്ചി:** ഫെറേറോ ഇന്ത്യ ബ്രാൻഡായ ടിക് ടാക് മാമ്പഴരുചിയുള്ള ലിമിറ്റഡ് എഡിഷൻ ടിക് ടാക് പുറത്തിറക്കി. മാമ്പഴത്തിന്റെ വരവറിയിക്കുന്ന വേനൽക്കാലത്തിൽ സൗകര്യപ്രദമായി എവിടേയും കൊണ്ടു നടക്കാവുന്ന പായ്ക്കിൽ മാമ്പഴരുചി ആസ്വദിക്കാൻ വഴിയൊരുക്കുന്നതാണ് ഈ ടിക് ടാക്ക്. ഉപഭോക്താക്കളുടെ താൽപ്പര്യങ്ങളെ കുറിച്ച് ടിക് ടാക് നടത്തിയ ഒരു പഠനത്തിൽ ഇന്ത്യയിൽ ഏറ്റവും പ്രിയപ്പെട്ട രുചി മാമ്പഴത്തിന്റേതാണെന്ന് കണ്ടെത്തിയിരുന്നു. അതിന്റെ ഭാഗമാണ് പുതിയ മഞ്ഞ നിറത്തിലുള്ള ലിമിറ്റഡ് എഡിഷൻ ടിക് ടാക് പുറത്തിറക്കിയത്.വിപണികളിലുടനീളം എത്തിച്ചേരുന്ന പുതിയ മാമ്പഴ ടിക് ടാക് 15 രൂപ (9.7ഗ്രാം), 20 രൂപ (13 ഗ്രാം) എന്നിങ്ങനെയുള്ള 2 പായ്ക്കുകളിലായി ലഭ്യമാകും. ബ്രാൻഡിന്റെ വളർച്ചയെ കൂടുതൽ ഉത്തേജിപ്പിക്കുവാൻ ഈ പുതിയ ഉൽപ്പന്നത്തിന് കഴിയുമെന്നും ഇന്ത്യൻ കൺഫക്ഷണറി വിപണിയിലെ ഏറ്റവും പ്രമുഖരിൽ ഒന്ന് എന്ന ടിക് ടാക്കിന്റെ സ്ഥാനം കൂടുതൽ കരുത്തുറ്റതാക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി ഫെറേറോ ഇന്ത്യയുടെ മാർക്കറ്റിങ്ങ് ഹെഡ്സ് (പിൽസ് ആന്റ് ഗംസ്) സോഹർ കപുസ്വല പറഞ്ഞു.

# ഉജ്ജീവൻ ഫിനാൻഷ്യൽ സർവീസസ് ലയന പദ്ധതി

**കൊച്ചി:** ഉജ്ജീവൻ ഫിനാൻഷ്യൽ സർവീസസിന്റെയും ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്കിന്റെയും സംയോജന പദ്ധതിയിൽ പറഞ്ഞിട്ടുള്ള അംഗീകൃത ഷെയർ എക്സ്ചേഞ്ച് അനുപാതം അനുസരിച്ച് ഉജ്ജീവൻ ഫിനാൻഷ്യൽ സർവീസസിന്റെ ഓഹരി ഉടമകളെ കണക്കാക്കുന്നതിനായി ഉജ്ജീവൻ ഫിനാൻഷ്യൽ സർവീസസ് ലയന പദ്ധതി നിശ്ചയിച്ചു.

# യുടിഐ : ആസ്തികൾ 10,400 കോടി രൂപ കടന്നു

**കൊച്ചി:** യുടിഐ മിഡ് ക്യാപ് ഫണ്ട് കൈകാര്യം ചെയ്യുന്ന ആസ്തികൾ 10,400 കോടി രൂപ കടന്നതായി 2024 ഏപ്രിൽ 30ലെ കണക്കുകൾ സൂചിപ്പിക്കുന്നു. ഫണ്ട് ഏകദേശം 68 ശതമാനം മിഡ് ക്യാപ് ഓഹരികളിലും 22 ശതമാനം സ്മോൾ ക്യാപ് ഓഹരികളിലും ബാക്കിയുള്ളത് ലാർജ് ക്യാപ് ഓഹരികളിലുമാണ് നിക്ഷേപിച്ചിരിക്കുന്നത്.ഫീനിക്സ് മിൽസ് ലിമിറ്റഡ്, ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്, ഓയിൽ ഇന്ത്യ ലിമിറ്റഡ്, ശ്രീറാം ഫിനാൻസ് ലിമിറ്റഡ്, ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, ഭാരത് ഫോർജ് ലിമിറ്റഡ്, ട്യൂബ് ഇൻവെസ്റ്റ്മെൻറ്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്, ആസ്ട്രൽ ലിമിറ്റഡ്, വോൾട്ടാസ് ലിമിറ്റഡ്, ആൽകെം ലബോറട്ടറീസ് ലിമിറ്റഡ് തുടങ്ങിയവയിലാണ് 20 ശതമാനം നിക്ഷേപവും.2004 ഏപ്രിൽ 7നാണ് പദ്ധതി ആരംഭിച്ചത്. പ്രധാനമായും മിഡ് ക്യാപ് കമ്പനികളിൽ നിക്ഷേപിക്കുന്ന ഒരു പോർട്ട്ഫോളിയോയിൽ നിക്ഷേപം തേടുന്നവർക്ക് അനുയോജ്യമായ പദ്ധതിയായാണ് യുടിഐ മിഡ് ക്യാപ് ഫണ്ട് കണക്കാക്കപ്പെടുന്നത്.

# റൂമിയോണിന്റെ പുതിയ ഗ്രേഡ് അവതരിപ്പിച്ച് ടൊയോട്ട

**കൊച്ചി:** ടൊയോട്ട ക്രിലോസ്കർ മോട്ടോർ, റൂമിയോണിന്റെ പുതിയ ജി- എ ടി ഗ്രേഡ് അവതരിപ്പിച്ചു. പുതിയ വേരിയന്റിന്റെ വിലയും ബുക്കിംഗ് വിവരങ്ങളും കമ്പനി പുറത്തുവിട്ടു. കൂടാതെ, ഇസിഎൻജിയുടെ ബുക്കിങ്ങും കമ്പനി പുനരാരംഭിച്ചു. സമാനതകളില്ലാത്ത സ്പേസും കംഫർട്ടും, മികച്ച ഇന്ധനക്ഷമതയും, സ്റ്റൈലിഷും പ്രീമിയവുമായ എക്സ്റ്റീരിയർ ഡിസൈനും വാഗ്ദാനം ചെയ്യുന്ന പുതിയ ഏഅഠ വേരിയന്റിന്റെ വരവോടെ റൂമിയോണിന്റെ വിപണി സ്വീകാര്യത വർദ്ധിപ്പിക്കുമെന്നാണ് കമ്പനി പ്രതീക്ഷിക്കുന്നത്. ജി-എ ടി 13 ലക്ഷമാണ് പ്രാരംഭ വില നിശ്ചയിച്ചിരിക്കുന്നത് (എക്സ്ഷോറൂം).

ബുക്ക് ചെയ്ത വാഹനങ്ങളുടെ ഡെലിവറി മെയ് 5 മുതൽ ആരംഭിക്കും. ടൊയോട്ടയുടെ ഔദ്യോഗിക ഡീലർഷിപ്പുകളിലോ വെബ്സൈറ്റിലോ 11,000 രൂപ ടോക്കൺ നൽകി ബുക്ക് ചെയ്യാവുന്നതാണ്.6 സ്പീഡ് ഓട്ടോമാറ്റിക് ട്രാൻസ്മിഷനിലെത്തുന്ന 1.5 ലിറ്റർ കെ സീരീസ് പെട്രോൾ എഞ്ചിനാണ് ജി-എ ടി ഗ്രേഡിന് കരുത്ത് പകരുന്നത്. ഇതിലെ നിയോ ഡ്രൈവ് ( ഇന്റഗ്രേറ്റഡ് സ്റ്റാർട്ടർ ജനറേറ്റർ ഐഎസ്




ജി) സാങ്കേതികവിദ്യ മികവുറ്റ പെർഫോമൻസ് കാഴ്ച്ച വയ്ക്കുന്നു.

6000 ആർപിഎമ്മിൽ പെട്രോൾ വേരിയന്റ് 75.8 സം പവറും 136.8 ചാ ടോർക്കും നൽകുമ്പോൾ ഇചഏ വേരിയന്റ് 5500 ആർപിഎമ്മിൽ 64.6 സം പവറും 121.5 ചാ ടോർക്കും നൽകുന്നു. ടൊയോട്ട റൂമിയോൺ ഇപ്പോൾ ഏഴ് വേരിയന്റുകളിൽ ലഭ്യമാണ്.വയർലെസ് ആപ്പിൾ കാർപ്ലേ, ആൻഡ്രോയിഡ് ഓട്ടോ കണക്ടിവിറ്റിയുള്ള 17.78 സെന്റിമീറ്റർ സ്മാർട്ട്പ്ലേ കാസ്റ്റ് ടച്ച്സ്ക്രീൻ ഇൻഫോടെയ്ൻമെന്റ് സിസ്റ്റമാണ് പുതിയ ഗ്രേഡിൽ സജ്ജീകരിച്ചിരിക്കുന്നത്. കൂടാതെ, ടൊയോട്ട ഐകണക്ടിലൂടെ ക്ലൈമറ്റ് കൺട്രോൾ, ലോക്ക്/ അൺലോക്ക്, ഹസാർഡ് ലൈറ്റ് തുടങ്ങി നിരവധി ഫീച്ചറുകൾ സ്മാർട്ട് ഫോൺ വഴി നിയന്ത്രിക്കാനാവും.

ഡ്യുവൽ ഫ്രണ്ട് എയർബാഗുകൾ, ഇബിഡിയോട് കൂടിയ എബിഎസ്, ഹിൽ ഹോൾഡ്, ഇലക്ട്രോണിക് സ്റ്റെബിലിറ്റി പ്രോഗ്രാം (ഇഎസ്പി) ഉൾപ്പടെയുള്ള നൂതന സുരക്ഷാ ഫീച്ചറുകളാണ് ജി- എ ടി ഗ്രേഡിൽ സജ്ജീകരിച്ചിരിക്കുന്നതെന്ന് സെയിൽസ്, സർവീസ്, യൂസ്ഡ് കാർ ബിസിനസ് വൈസ് പ്രസിഡന്റ് ശബരി മനോഹർ പറഞ്ഞു.



# ഇലക്ട്രിക് വാഹന ചാർജിങ് ശൃംഖല വിപുലീകരിച്ച് ചാർജ്മോഡ്

**കൊച്ചി:** കേരളത്തിൽ നിന്നുള്ള ഊർജസാങ്കേതികവിദ്യാ സ്റ്റാർട്ടപ്പും മുൻനിര ഇലക്ട്രിക് വാഹനചാർജിങ് ശൃംഖലയുമായ ചാർജ്മോഡും ഗുവാഹത്തി കേന്ദ്രമാക്കി അസമിൽ പ്രവർത്തിക്കുന്ന എ പ്ലസ് ചാർജും തമ്മിൽ സഹകരണത്തിന് ധാരണയായി. രാജ്യത്തെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഇലക്ട്രിക് വാഹനചാർജിങ് ശൃംഖല വേഗത്തിൽ വിപുലീകരിക്കാൻ ഇരുകമ്പനികളും ഒരുമിച്ച് പ്രവർത്തിക്കും. ഇതിന്റെ ഭാഗമായി മേഖലയിൽ ആയിരത്തിലേറെ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കും. ആയിരം പുതിയ ചാർജറുകൾ കൂടി സ്ഥാപിക്കുന്നതോടുകൂടി ഇന്ത്യയിൽ ചാർജ്മോഡിന് കീഴിലുള്ള ആകെ ചാർജറുകളുടെ എണ്ണം 4200 കടക്കും. ഇതിൽ 2000 എണ്ണം നിലവിൽപ്രവർത്തിച്ചുകൊണ്ടിരിക്കുന്നതാണ്. മറ്റൊരു 1200 ചാർജറുകൾ അടുത്തിടെ പ്രഖ്യാപിച്ചവയുമാണ്.ഈ മേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് മുൻനിര കമ്പനികൾ കൈകോർക്കുന്നതോടെ, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ചാർജിങ് ശൃംഖല വൻതോതിൽ വികസിക്കുമെന്നാണ് പ്രതീക്ഷ. ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിൽ ചാർജ്മോഡിന്റെ കരുത്തുറ്റ പരിചയസമ്പത്തും സാങ്കേതികമികവും അസമിനും ഗുണം ചെയ്യും. എ പ്ലസ് ചാർജിന്റെ പ്രാദേശികപരിചയം കൂടി ചേരുന്നതോടെ കാര്യങ്ങൾ എളുപ്പമാകും.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ചാർജിങ് സംവിധാനങ്ങൾ വികസിപ്പിക്കാനായി എ പ്ലസ് ചാർജുമായി സഹകരിക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്ന് ചാർജ്മോഡ് സിഇഒയും സഹസ്ഥാപകനുമായ എം. രാമനുണ്ണി പറഞ്ഞു. ഈ മേഖലയിൽ ഇലക്ട്രിക് വാഹനങ്ങൾ പ്രചരിപ്പിക്കുന്നതിൽ ഈ നീക്കം സുപ്രധാന പങ്കുവഹിക്കും. ഇലക്ട്രിക്ക് വാഹനമോടിക്കുന്നവർക്ക് മാത്രമല്ല, മേഖലയിലെ സുസ്ഥിരഗതാഗത രംഗമാകെ വികസിക്കുന്നതിനും ഭാവിയിൽ പ്രകൃതിസൗഹൃദപരമായ വളർച്ച കൈവരിക്കുന്നതിനും ഈ നീക്കം സഹായകമാകും. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഇലക്ട്രിക് വാഹന ചാർജിങ് മേഖലയിലെ മുൻനിര കമ്പനിയാണ് എ പ്ലസ്. അതുകൊണ്ടുതന്നെ ഈ സഹകരണത്തിൽ പ്രതീക്ഷകളേറെയുണ്ട്. കേരളത്തിൽ ചാർജ്മോഡ് സാധ്യമാക്കിയ നേട്ടങ്ങൾ ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലും ആവർത്തിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമാണിതെന്നും എം. രാമനുണ്ണി പറഞ്ഞു.2019ലാണ് ചാർജ്മോഡ് സ്ഥാപിതമാകുന്നത്. കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ വളർന്നു വന്ന സംരംഭമായ ചാർജ്മോഡിന് നിലവിൽ ഇന്ത്യയിലെ 10 സംസ്ഥാനങ്ങളിലായി 2300ലേറെ ചാർജിങ് സ്റ്റേഷനുകളുണ്ട്. കേരളത്തിലും അതിശക്തമായ വിപണി സാന്നിധ്യമാണ് കമ്പനിക്കുള്ളത്. സംസ്ഥാനത്തെ ഇലക്ട്രിക് ഓട്ടോകൾക്ക് ചാർജിങ് സൗകര്യം നൽകുന്ന ഒരേയൊരു സ്ഥാപനമാണ്. യാത്രക്കിടയിൽ പൊതുചാർജിങ് സ്റ്റേഷനുകൾ കണ്ടെത്തുന്നതിന് തദ്ദേശീയമായി മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ച ആദ്യകമ്പനിയും ചാർജ്മോഡാണ്.ഇലക്ട്രിക് വാഹനങ്ങൾക്ക് വലിയ സാധ്യതകളുള്ള പ്രദേശമാണ് വടക്കുകിഴക്കൻ ഇന്ത്യയെന്നും ഈ സഹകരണത്തിലൂടെ അത് എത്രയും യാഥാർഥ്യമാകുമെന്നും എ പ്ലസ് കമ്പനിയുടെ സിഇഒ സമ്യക് ജെയിൻ പറഞ്ഞു. ചാർജ്മോഡുമായി സഹകരിച്ച്, ഇലക്ട്രിക് വാഹനങ്ങൾ ഓടിക്കുന്നവർക്ക് മേഖലയിലുടനീളം വിശ്വസ്തവും ഫലപ്രദവുമായ ചാർജിങ് ശൃംഖല പടുത്തുയർത്തും. കേരളത്തിന്റെ മാതൃക പിന്തുടർന്ന് ഇവി ചാർജിങ് വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ പ്രകൃതിസൗഹൃദപരമായ ഒരു ഭാവി പടുത്തുയർത്തുന്നതിന് എല്ലാവർക്കും ഉപയോഗിക്കാവുന്ന ശക്തമായ ഇ.വി. ചാർജിങ് സംവിധാനങ്ങൾ ഒരുക്കാൻ ഈ സഹകരണത്തിലൂടെ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി. ആൾട്ടർനാറ്റ്.ഇ.വി. സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഉപവിഭാഗമാണ് എ പ്ലസ് ചാർജ്. ഇലക്ട്രിക് വാഹനങ്ങളിലേക്കുള്ള അസമിന്റെ മാറ്റത്തിന് നേതൃത്വം നൽകുന്നത് എ പ്ലസ് ചാർജാണ്. ഇലക്ട്രിക് കാറുകൾ, ബസുകൾ, റിക്ഷകൾ എന്നിവയ്ക്കായി വിവിധയിടങ്ങളിൽ ചാർജിങ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിൽ നിർണായകപങ്കാണ് കമ്പനി വഹിക്കുന്നത്. ഇലക്ട്രിക് ടാക്സികൾക്കും ബസുകൾക്കും ഉൾപ്പെടെ പൊതുഗതാഗതരംഗത്തും എ പ്ലസ് മോഡ് സേവനങ്ങൾ നൽകുന്നുണ്ട്.

# ഇന്ത്യൻ കടൽ സമ്പത്തിലേക്ക് രണ്ടിനം മീനുകൾ കൂടി



**കൊച്ചി:** ഇന്ത്യൻ സമുദ്രമത്സ്യ സമ്പത്തിലേക്ക് രണ്ടിനം മീനുകൾ കൂടി. കോലാൻമുരൽ വിഭാഗത്തിൽ പെട്ട രണ്ട് പുതിയ മീനുകളെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ഗവേഷകരാണ് കണ്ടെത്തിയത്. മീനുകളെ വിശദമായ ജനിതകപഠനത്തിന് വിധേയമാക്കിയ ശേഷമാണ് ഇന്ത്യയിൽ ഇതുവരെ ശാസ്ത്രീയമായി വേറിട്ട് അടയാളപ്പെടുത്തിയിട്ടില്ലാത്ത മീനുകളാണെന്ന് കണ്ടെത്തിയത്. അബ്ലെന്നെസ് ജോസ്ബർക്മെൻസിസ്, അബ്ലെന്നെസ് ഗ്രേസാലി എന്നിങ്ങനെയാണ് പുതിയ മീനുകൾക്ക് ശാസ്ത്രീയനാമകരണം നൽകിയിരിക്കുന്നത്.സിഎംഎഫ്ആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ഇ എം അബ്ദുസ്സമദിന്റെ നേതൃത്വത്തിൽ ഗവേഷണം നടത്തുന്ന ടോജി തോമസാണ് മീനുകളെ കണ്ടെത്തിയത്. തമിഴ്നാട്ടിലെ തൂത്തുകുടിയിൽ നിന്ന് പിടിച്ച മീനുകളിലാണ് പഠനം നടത്തിയത്. ടോജിയുടെ അമ്മ ഗ്രേസിയുടെയും സുഹൃത്ത് അലീനയുടെയും പേരുകൾ ചേർത്താണ് അബ്ലെന്നെസ് ഗ്രേസാലി എന്ന് ഒരു മീനിന് നാമകരണം നൽകിയത്. മുമ്പ് പഠിച്ച കലാലയത്തിന്റെയും അവിടെയുണ്ടായിരുന്ന അധ്യാപകന്റെയും പേരുകൾ അടിസ്ഥാനമാക്കി നൽകിയതാണ് അബ്ലെന്നെസ് ജോസ്ബർക്മെൻസിസ് എന്ന ശാസ്ത്രനാമം.ഉയർന്ന അളവിൽ മാംസ്യം അടങ്ങിയ ഈ മീനുകൾ പോഷകസമൃദ്ധവും ഏറെ രുചികരവുമാണ്. അതിനാൽ തന്നെ, വാണിജ്യപ്രാധാന്യം കൂടിയ മീനുകളാണ്. ചൂണ്ടകളിലാണ് ഇവയെ പ്രധാനമായും പിടിക്കുന്നത്. പച്ചനിറത്തിലുള്ള മുള്ളുകളും കൂർത്ത ചുണ്ടുകളുമാണ് ഈ മീനുകൾക്ക്. വിപണിയിൽ കിലോയ്ക്ക് 400 രൂപ വരെ വിലയുണ്ട്.തമിഴ്നാട് തീരങ്ങളിൽ ഇവയെ ധാരാളമായി പിടിക്കുന്നുണ്ട്. കടലിന്റെ ഉപരിതലത്തിൽ തന്നെ കാണപ്പെടുന്ന മീനുകളാണ് ഇവ. ഈ വർഗത്തിൽ പെടുന്ന മറ്റ് മീനുകൾ കേരളത്തിലും ലഭ്യമാണ്.

പുതുതായി കണ്ടെത്തിയ മീനുകളുടെ ലഭ്യത, മത്സ്യബന്ധനരീതികൾ എന്നിവയെ കുറിച്ച് വിശദമായ പഠനങ്ങൾ ആവശ്യമാണ്.ഏറെ ആവശ്യക്കാരുള്ളതിനാൽ, ഇവയെ ലക്ഷ്യമിട്ടുള്ള മത്സ്യബന്ധനം കേരളത്തിന്റെ മത്സ്യമേഖലയ്ക്ക് ഗുണകരമാകുമെന്നാണ് ഗവേഷകർ വിലയിരുത്തുന്നത്.

സിഎംഎഫ്ആർഐയിലെ ഡോ ഷിജിൻ അമേരി, ബദറുൽ സിജാദ്, ഡോ കെ കെ സജികുമാർ എന്നിവരും ഗവേഷണത്തിൽ പങ്കാളികളായിരുന്നു.റീജണൽ സ്റ്റഡീസ് ഇൻ മറൈൻ സയൻസ് എന്ന ജേണലിൽ ഈ പഠനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# സൗജന്യ മെഗാ ശസ്ത്രക്രിയ ക്യാമ്പുമായി ആസ്റ്റർ പി.എം.എഫ്

**കൊല്ലം:** സൗജന്യ മെഗാ ശസ്ത്രക്രിയ ക്യാമ്പുമായി കൊല്ലം ആസ്റ്റർ പി.എം.എഫ് ആശുപത്രി. മെയ് 10, 11 തീയതികളിൽ രാവിലെ 10 മുതൽ ഉച്ചക്ക് മൂന്ന് വരെ നടക്കുന്ന ക്യാമ്പിൽ രജിസ്ട്രേഷനും ഡോക്ടറുടെ കൺസൾട്ടേഷനും തികച്ചും സൗജന്യമായി ലഭിക്കും.ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് ലാബ് പരിശോധനകൾ റേഡിയോളജി സേവനങ്ങൾ എന്നിവയിൽ 10% കിഴിവ് ലഭിക്കുന്നതാണ്. സർജറി പാക്കേജുകളിലും 10 മുതൽ 15 ശതമാനം വരെ കിഴിവുകൾ ലഭിക്കുന്നതാണ്.

ഹെർണിയ, തൈറോയ്ഡ്, വെരിക്കോസ് വെയിൻ, അപ്പെൻഡിസൈറ്റിസ്, പോഡിയാട്രി ബ്രേസ്റ് സർജറി, ഗാൽ ബ്ലാഡർ ശസ്ത്രക്രിയ തുടങ്ങിയ സേവനങ്ങൾ ആവശ്യമുള്ളവർക്ക് ക്യാമ്പിൽ പങ്കെടുക്കാം.ക്യാമ്പിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 8129388744 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

# പ്രായമായവരിൽ പ്രതിരോധമരുന്നുകളുടെ പ്രാധാന്യമേറുന്നു



ഡോ. വിപിൻ

**കൊച്ചി:** 2036ഓടു കൂടി ഇന്ത്യയിലെ മുതിർന്ന പൗരന്മാരുടെ എണ്ണം നിലവിലെ 26 കോടിയിൽ നിന്നും 40.4 കൂടിയായി ഉയരുമെന്ന് റിപ്പോർട്ട്. യുഎൻ പോപ്പുലേഷൻ ഫണ്ട് പുറത്തുവിട്ട ഇന്ത്യ ഏജിങ് റിപ്പോർട്ട് 2023ലെ കണക്കുകളാണിത്. മുതിർന്ന പൗരന്മാരുടെ കാര്യത്തിൽ രാജ്യത്തെ ആരോഗ്യസംവിധാനങ്ങൾ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതിന്റെ ആവശ്യകത കൂടിയാണ് റിപ്പോർട് വ്യക്തമാക്കുന്നത്.ന്യൂമോണിയ, പകർച്ചപ്പനി, ഷിംഗിൾസ് തുടങ്ങിയ പകർച്ചാവ്യാധികളും അതിനോടനുബന്ധിച്ചുള്ള ശാരീരിക, മാനസിക, സാമ്പത്തിക ബുദ്ധിമുട്ടുകളുമാണ് മുതിർന്ന പൗരന്മാരിൽ ഏറ്റവുമധികം വെല്ലുവിളികളുയർത്തുന്നത്. ഹൃദ്രോഗം, ശ്വാസതടസം, പ്രമേഹം എന്നീ രോഗങ്ങളുള്ള മുതിർന്ന പൗരന്മാരിൽ പകർച്ചവ്യാധികൾ പെട്ടെന്ന് പിടിപെടാനുള്ള സാധ്യതയും കൂടുതലാണ്. ഹൃദ്രോഗം, ശ്വാസതടസം, പ്രമേഹം എന്നീ രോഗങ്ങളുള്ള മുതിർന്ന പൗരന്മാരിൽ പകർച്ചവ്യാധികൾ പെട്ടെന്ന് പിടിപെടാനുള്ള സാധ്യതയും കൂടുതലാണ്.

പ്രതിരോധമരുന്നുകളാണ് പകർച്ചവ്യാധികളിൽ നിന്ന് രക്ഷ നേടാനുള്ള ഏറ്റവും നല്ല മാർഗം. എന്നാൽ വാക്സിനുകൾ സ്വീകരിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. 'പ്രായമായ ആളുകളെയും അവരെ പരിചരിക്കുന്നവരെയും അറിവുകൊണ്ടും വിഭവശേഷി കൊണ്ടും ശരിയായ തീരുമാനങ്ങളെടുക്കുവാൻ നമ്മൾ പ്രാപ്തരാക്കേണ്ടതുണ്ടെന്നു' ആസ്റ്റർ മെഡിസിറ്റി എൻഡോക്രൈനോളജി വിഭാഗത്തിലെ ലീഡ് കൺസൾറ്റന്റായ ഡോക്ടർ വിപിൻ വി പി പറഞ്ഞു. 'ആരോഗ്യസംരക്ഷണ ദാതാക്കളുമായുള്ള തുറന്ന സംഭാഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ മുതിർന്നവർക്കായുള്ള വാക്സിനേഷൻ വർധിപ്പിക്കാനും , വാക്സിനേഷൻ കൊണ്ട് പ്രതിരോധിക്കാവുന്ന ഇന്ഫ്ലുവെൻസ, ഷിംഗിൾസ്, ന്യൂമോകോക്കൽ പോലുള്ള രോഗങ്ങളിൽ നിന്ന് പ്രായമായവരെ സംരക്ഷിക്കുവാനും കഴിയുമെന്നും ഡോക്ടർ വിപിൻ വി പി പറഞ്ഞു.

# വനിതാ സംരംഭക സർവേയുമായി സ്റ്റാർട്ടപ്പ് മിഷൻ

**കൊച്ചി:** കേരളത്തിൽ സ്റ്റാർട്ടപ്പ് തുടങ്ങാനാഗ്രഹിക്കുന്ന വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി കേരള സ്റ്റാർട്ടപ്പ് മിഷൻ നടത്തുന്ന സർവേയിൽ പങ്കെടുക്കാൻ ഇപ്പോൾ അവസരം കൈവരുന്നു.കെഎസ് യുഎം സംഘടിപ്പിക്കുന്ന സർവേയിൽ ഈ രംഗത്തെ വനിതാ സംരംഭകരുടെ എല്ലാ അഭിപ്രായങ്ങൾക്കും പ്രാധാന്യം നൽകാനാണ് ഈ ഉദ്യമത്തിലൂടെ കെഎസ് യുഎം ഉദ്ദേശിക്കുന്നത്. വനിതാ സംരംഭകർ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിൽ നിന്നും വ്യവസായലോകത്തു നിന്നും എന്തൊക്കെയാണ് പ്രതീക്ഷിക്കുന്നതെന്നും അതോടൊപ്പം ഈ രംഗത്തെ യഥാർഥ പ്രശ്നങ്ങൾ നേരിട്ട് മനസിലാക്കുന്നതിനും വേണ്ടിയാണ് സർവേ.https://ksum.in/Women_Survey എന്ന വെബ്സൈറ്റിലൂടെ വനിതാ സംരംഭകർക്ക് അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്താം. സ്റ്റാർട്ടപ്പ് സ്ഥാപകർ, സ്റ്റാർട്ടപ്പ് തുടങ്ങാനാഗ്രഹിക്കുന്നവർ, നൂതനാശയമുള്ള വിദ്യാർഥികൾ, പ്രൊഫഷണലുകൾ എന്നിവർക്ക് സർവേയിൽ പങ്കെടുക്കാം.

2019ലാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ വിമെൻ സ്റ്റാർട്ടപ്പ് സമ്മിറ്റിന് തുടക്കം കുറിച്ചത്. ഉച്ചകോടി അഞ്ചാം ലക്കത്തിലെത്തുമ്പോൾ കേരളത്തിലെ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയിൽ വനിത സംരംഭകരുടെ പ്രാതിനിധ്യം ഗണ്യമായി വർധിച്ചിട്ടുണ്ട്.

# തലസീമിയ:സൂക്ഷിക്കണം ഈ പാരമ്പര്യ ജനിതക രോഗത്തെ



**ഡോ . ദീപക് ചാൾസ്** കൺസൾട്ടന്റ് ഹെമറ്റോളജി ഹെമറ്റോ ഓങ്കോളജി, ആസ്റ്റർ മെഡ്സിറ്റി കൊച്ചി

പാരമ്പര്യമായി ലഭിക്കുന്ന ജനിതക രക്തവൈകല്യമാണ് തലസീമിയ. അതായത്, മാതാപിതാക്കളിൽ നിന്ന് കുട്ടികളിലേക്ക് ജീനുകൾ വഴി കൈമാറ്റം ചെയ്യപ്പെടുന്നത്. ആവശ്യത്തിന് ഹീമോഗ്ലോബിൻ ഇല്ലെങ്കിൽ ശരീരത്തിലെ ചുവന്ന രക്താണുക്കൾ ശരിയായി പ്രവർത്തിക്കില്ല. ഹീമോഗ്ലോബിനാണ് കോശങ്ങളിൽ ഓക്സിജൻ എത്തിക്കുന്നത്. ഇതിലെ 'ഗ്ലോബിൻ' ഘടകത്തിനുണ്ടാകുന്ന ജനിതക തകരാറാണ് രോഗത്തിനു കാരണമാകുന്നത്.ഹീമോഗ്ലോബിൻ കുറവായതിനാൽ തലാസീമിയ രോഗികൾക്ക് വിളർച്ച ബാധിക്കും. ഹീമോഗ്ലോബിൻ അല്ലെങ്കിൽ ചുവന്ന രക്താണുക്കൾ സാധാരണ എണ്ണത്തേക്കാൾ കുറവുള്ള അവസ്ഥയാണ് അനീമിയ. തലാസീമിയക്ക് ആദ്യ ഘട്ടത്തിൽ ചികിത്സ ആവശ്യമില്ലെങ്കിലും കൂടുതൽ കഠിനമായ ഘട്ടത്തിൽ ഇത് ഗുരുതരമാകും.

**തലസീമിയ രണ്ടു തരം**

ആൽഫ ഗ്ലോബിൻ, ഹീമോഗ്ലോബിന്റെ നിർമ്മാണ ഘടകമാണ്. ശരീരം ആൽഫ ഗ്ലോബിൻ ഉത്പാദിപ്പിക്കാത്ത അവസ്ഥയാണ് ആൽഫ തലസീമിയ എന്നാൽ ബീറ്റാ തലസീമിയ രണ്ടു തരമുണ്ട്. ബീറ്റാ തലസീമിയ മേജർ , ബീറ്റാ തലസീമിയ മൈനർ.ബീറ്റാ ഗ്ലോബിൻ ജീൻ ഗണ്യമായി തകരാറിലാകുകയും അതിലൂടെ ഹിമോഗ്ലോബിൻ ഉത്പാദനത്തിൽ പ്രകടമായ കുറവുണ്ടാകുകയും ചെയ്യുന്നതാണ് ബീറ്റാ തലസീമിയ.ബീറ്റാ തലസീമിയ മേജർ ഉള്ള വ്യക്തികൾക്ക് അവരുടെ അവസ്ഥ നിയന്ത്രിക്കുന്നതിന് സാധാരണയായി ആജീവനാന്ത രക്തപ്പകർച്ചയും മറ്റ് ചികിത്സകളും ആവശ്യമാണ് എന്നാൽ അധികം സങ്കീർണമല്ലാത്ത ഒരു രോഗവസ്ഥായാണ് ബീറ്റാ തലസീമിയ മൈനർ. ബീറ്റാഗ്ലോബിൻ ജീനിനെ ബാധിക്കുന്ന മൃദുവായ രൂപമാണിത്. പ്രായപൂർത്തിയാകാത്ത ബീറ്റാ തലസീമിയ ഉള്ള ആളുകൾക്ക് നേരിയ വിളർച്ച ഉണ്ടാകാം, അല്ലെങ്കിൽ രോഗലക്ഷണങ്ങൾ ഒന്നുമില്ല. മിക്ക കേസുകളിലും, ചികിത്സ ആവശ്യമില്ല, എന്നാൽ കുടുംബാസൂത്രണ ആവശ്യങ്ങൾക്കായി ജനിതക കൗൺസിലിംഗ് ശുപാർശ ചെയ്തേക്കാം.

**തലസീമിയയുടെ ലക്ഷണങ്ങൾ**

രോഗത്തിന്റെ തീവ്രത അനുസരിച്ച് ലക്ഷണങ്ങളിൽ മാറ്റങ്ങൾ സംഭവിക്കാം. പൊതുവായ ലക്ഷണങ്ങൾ:ബലഹീനത,വളർച്ചക്കുറവ്,നിരന്തര ഷീണം, അസ്ഥി ബലക്കുറവ്,വിളറിയ ത്വക്ക്.കുഞ്ഞുങ്ങളിൽ ആറുമാസം മുതൽ വിളർച്ച, വളർച്ചക്കുറവ്, ക്ഷീണം, മഞ്ഞപിത്തം, ഇടവിട്ടുള്ള പനി എന്നിവയും ലക്ഷണങ്ങളാണ്.

**രോഗനിർണയം**

പ്രത്യേക രക്ത പരിശോധനകൾ, ഹീമോഗ്ലോബിൻ പെരിഫറൽ സ്മിയർ, ഇലക്ട്രോഫോറസിസ് ഒജഘളഇ എന്നീ ടെസ്റ്റുകൾ രോഗനിർണയത്തിന് ലഭ്യമാണ്.കോറിയോണിക് വില്ലസ് സംപ്ലിങ്, പ്ലാസന്റയുടെ ഒരു ചെറിയ ഭാഗം പരിശോധിച്ച് തലസീമിയയ്ക്ക് കാരണമാകുന്ന ജീനുകൾ കുഞ്ഞിന് ഉണ്ടോ എന്ന് പരിശോധിക്കുന്നു. ഗർഭാവസ്ഥയുടെ 11ആം ആഴ്ചയിലാണ് ഡോക്ടർമാർ സാധാരണയായി ഈ പരിശോധന നടത്തുന്നത്.

**സങ്കീർണതകൾ**

തലസീമിയ ഉള്ളവരുടെ ശരീരത്തിൽ ഇരുമ്പ് അമിത അളവിൽ ഉണ്ടാകുന്നു. അതിനു കാരണം രോഗമോ അല്ലെങ്കിൽ ഇടയ്ക്കിടെയുള്ള രക്തപ്പകർച്ചയോ ആകാം.വളരെയധികം ഇരുമ്പ് ഹൃദയത്തിനും കരളിനും എൻഡോക്രൈൻ സിസ്റ്റത്തിനും കേടുവരുത്തും, അതിൽ ശരീരത്തിലുടനീളമുള്ള പ്രക്രിയകളെ നിയന്ത്രിക്കുന്ന ഹോർമോൺ ഉൽപ്പാദിപ്പിക്കുന്ന ഗ്രന്ഥികളും ഉൾപ്പെടുന്നു.തീവ്രമായ തലസീമിയയുടെ സന്ദർഭങ്ങളിൽ, ഇനിപ്പറയുന്ന സങ്കീർണതകൾ ഉണ്ടാകാം: അസ്ഥി വൈകല്യങ്ങൾ, തലസീമിയ നിങ്ങളുടെ അസ്ഥിമജ്ജയെ വികസിപ്പിച്ചേക്കാം. ഇത് അസാധാരണമായ അസ്ഥി ഘടനയ്ക്ക് കാരണമാകും, പ്രത്യേകിച്ച് മുഖത്തും തലയോട്ടിയിലും മജ്ജയുടെ വികാസം എല്ലുകളെ കനം കുറഞ്ഞതും പൊട്ടുന്നതുമാക്കുന്നു, അസ്ഥികൾ പൊട്ടാനുള്ള സാധ്യതയും വർദ്ധിപ്പിക്കുന്നു.

**എങ്ങനെ മറികടക്കാം**

ശക്തമായ ബോധവത്കരണം , രോഗത്തെ കുറിച്ചും അതിന്റെ പ്രതിസന്ധികൾ മറികടക്കാൻ ഉള്ള വഴികളെ കുറിച്ചും സാധാരണ ജനങ്ങളെ ബോധവത്കരിക്കുക അവരെ തെറ്റായ സന്ദേശങ്ങളിൽ നിന്നും ശെരിയായ സന്ദേശങ്ങളിലേക്ക് എത്തിക്കുക.ഗർഭിണികൾക്ക് ഗർഭകാല പരിശോധനകൾ നടത്തുക. ഇതുവഴി ബീറ്റാ തലസീമിയയുടെ വ്യാപനം തടയാം.

ഗർഭകാല പരിശോധനകളിലൂടെ കുഞ്ഞിന്റെ ആരോഗ്യസ്ഥിതി മനസിലാക്കാനും ആവശ്യമായ മുൻകരുതലുകളെടുക്കാനും സാധിക്കും.

**രോഗികൾ ശ്രദ്ധിക്കേണ്ടത്**

എല്ലാ പ്രതിരോധ വാക്സിനുകളും രോഗികൾ മുടങ്ങാതെ സ്വീകരിക്കേണ്ടതാണ്.ഇരുമ്പ് അംശം കൂടുതലുള്ള പദാർത്ഥങ്ങൾ ഒഴിവാക്കുക.ഡോക്ടറുടെ നിർദ്ദേശ പ്രകാരം ഗുളികകൾ കൃത്യമായി കഴിക്കുക,പ്രോട്ടീൻ, ധാന്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവ അടങ്ങിയ സമീകൃതാഹാരം കഴിക്കുകതലസീമയുടെ പൂർണമായ ചികിത്സ മജ്ജമാറ്റിവെക്കൽ ശസ്ത്രക്രിയയാണ്.

അധികം വൈകാതെ പ്രായമാകുന്നതിനു മുന്നേ തന്നെ ചെയ്യുക എന്നതാണ് പ്രധാനം. നൂതന ചികിത്സാരീതികളായ ജീൻ തെറാപ്പിയും പ്രതീക്ഷ നൽകുന്നു.





**തലസീമിയയുടെ ലക്ഷണങ്ങൾ**

രോഗത്തിന്റെ തീവ്രത അനുസരിച്ച് ലക്ഷണങ്ങളിൽ മാറ്റങ്ങൾ സംഭവിക്കാം. പൊതുവായ ലക്ഷണങ്ങൾ:ബലഹീനത,വളർച്ചക്കുറവ്,നിരന്തര ഷീണം, അസ്ഥി ബലക്കുറവ്,വിളറിയ ത്വക്ക്.കുഞ്ഞുങ്ങളിൽ ആറുമാസം മുതൽ വിളർച്ച, വളർച്ചക്കുറവ്, ക്ഷീണം, മഞ്ഞപിത്തം, ഇടവിട്ടുള്ള പനി എന്നിവയും ലക്ഷണങ്ങളാണ്.




# ലഖ്നൗ നിർമ്മാണ കേന്ദ്രത്തിൽ നിന്ന് 9 ലക്ഷം വാഹനങ്ങൾ ; ആഘോഷം നടത്തി ടാറ്റ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര വാണിജ്യ വാഹന നിർമ്മാതാക്കളായ ടാറ്റാ മോട്ടോഴ്സ് അത്യാധുനിക സജ്ജീകരണങ്ങളുള്ള തങ്ങളുടെ ലഖ്നൗ പ്ലാന്റിൽ നിന്ന് 9 ലക്ഷം വാഹനങ്ങൾ പുറത്തിറക്കിയതിന്റെ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. ഉത്തർപ്രദേശ് ചീഫ് സെക്രട്ടറി ദുർഗ ശങ്കർ മിശ്ര, ടാറ്റാ മോട്ടോഴ്സിലെ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിധ്യത്തിൽ ഫ്ളാഗ് ഓഫ് ചടങ്ങ് നടന്നു. 600 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ലഖ്നൗവിലെ അത്യാധുനിക കേന്ദ്രം സുസ്ഥിരതയാർന്ന നിർമ്മാണ രീതികളോടുള്ള ടാറ്റാ മോട്ടോഴ്സിന്റെ ആഭിമുഖ്യം വെളിവാക്കുന്നതാണ്. കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ) വാട്ടർ പോസിറ്റീവ് പ്ലാന്റായി ഇതിനെ അംഗീകരിച്ചിട്ടുണ്ട്. 6 മെഗാവാട്ട് സോളാർ പവർ പ്ലാന്റ് ഇവിടെ സ്ഥാപിതമാണ്, കാർബൺ ബഹിർഗമനം ഗണ്യമായി കുറയ്ക്കുന്നതിന് ഇതിലൂടെ സാധിക്കും. റോബോട്ടിക് പെയിന്റ് ബൂത്ത്, റോബോട്ടിക് സ്പോട്ട് വെൽഡിംഗ് സംവിധാനമുള്ള ബോഡി ഇൻ വൈറ്റ് ഷോപ്പ് തുടങ്ങിയ അത്യാധുനിക വാഹന നിർമ്മാണ സൗകര്യങ്ങൾ ഇവിടെയുണ്ട്. 1992 ൽ ആരംഭിച്ച ഈ പ്ലാന്റിൽ നിന്ന് ലൈറ്റ്, ഇന്റർമീഡിയറ്റ്, മീഡിയം, ഹെവി കൊമേഴ്സ്യൽ വാഹനങ്ങൾ, ഇലക്ട്രിക്, ഫ്യുവൽ സെൽ ഇലക്ട്രിക് ബസുകൾ എന്നിവയടക്കം നിരവധി കാർഗോ, പാസഞ്ചർ, വാണിജ്യ വാഹനങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.

ഈ സുപ്രധാന നേട്ടം കൈവരിക്കാൻ സാധിച്ചതിൽ ടാറ്റാ മോട്ടോഴ്സിനെ അഭിനന്ദിക്കുന്നതായി ചടങ്ങിൽ പങ്കെടുത്ത ഉത്തർപ്രദേശ് ചീഫ് സെക്രട്ടറി ദുർഗ ശങ്കർ മിശ്ര പറഞ്ഞു. ലഖ്നൗ പ്ലാന്റിൽ നിന്നുള്ള തങ്ങളുടെ 9 ലക്ഷാമത് വാഹനം പുറത്തിറക്കുന്നത് ടാറ്റാ മോട്ടോഴ്സിനെ സംബന്ധിച്ച അതുല്യ സന്ദർഭമാണെന്ന് ചടങ്ങിൽ പങ്കെടുത്ത ടാറ്റാ മോട്ടോഴ്സ് കൊമേഴ്സ്യൽ വെഹിക്കിൾസ് വൈസ് പ്രസിഡന്റും ഓപ്പറേഷൻസ് മേധാവിയുമായ വിശാൽ ബാദ്ഷാ പറഞ്ഞു.



# സഹ്യപ്രീമിയർ ലീഗ് ഫുട്ബോൾ:മത്സരങ്ങൾ ആരംഭിച്ചു

**കോഴിക്കോട്:** കോഴിക്കോട് സൈബർപാർക്കിലെ ഐടി കമ്പനികൾക്കായി നടത്തുന്ന സഹ്യാ പ്രീമിയർ ലീഗ് ഫുട്ബോൾ മത്സരങ്ങൾക്ക് തുടക്കമായി. സൈബർപാർക്ക് സ്പോർട്സ് അരീനയിൽ നടക്കുന്ന മത്സരങ്ങൾ സൈബർപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ ഉദ്ഘാടനം ചെയ്തു.

സൈബർപാർക്ക് ജനറൽ മാനേജർ വിവേക് നായർ കാഫിറ്റ് പ്രസിഡൻറ് അബ്ദുൾ ഗഫൂർ കെ വി തുടങ്ങിയവർ പങ്കെടുത്തു. വെൽകിൻവിറ്റ്സ് ടെക്നോളജീസും ഡോക്കേഴ്സ് സ്മാർട്ടും തമ്മിലായിരുന്നു ആദ്യ മത്സരം.സൈബർപാർക്കിലെ ഐടി കമ്പനികളിൽ നിന്നുള്ള 23 ടീമുകളാണ് സഹ്യാ പ്രീമിയർ ലീഗിൽ പങ്കെടുക്കുന്നത്. കോഴിക്കോട് സൈബർപാർക്ക്, കാലിക്കറ്റ് ഫോറം ഫോർ ഐടി (കാഫിറ്റ്), തുടങ്ങിയവരുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത് സഹ്യ പ്രീമിയർ ലീഗിൻറെ ഫൈനൽ മെയ് 14ന് നടക്കും

# മഞ്ഞിൽ വിരിഞ്ഞ പൂക്കൾ സിനിമയുടെ 44 ാം വാർഷികവും താരസംഗമവും 20 ന്




**കൊച്ചി:** പ്രേക്ഷക ലക്ഷങ്ങളുടെ മനം കവർന്ന മഞ്ഞിൽ വിരിഞ്ഞ പൂക്കൾ എന്ന ചിത്രത്തിന്റെ 44 ാം വാർഷികവും താരസംഗമവും മെയ് 20 ന് കലൂർ ഗോകുലം കൺവൻഷൻ സെൻററിൽ നടക്കും. മോഹൻലാൽ, ശങ്കർ, പൂർണിമ ജയറാം തുടങ്ങി ചിത്രത്തിലെ അഭിനേതാക്കളെയും അണിയറ പ്രവർത്തകരെയും ചടങ്ങിൽ ആദരിക്കും. തുടർന്ന് ജെറി അമൽദേവിൻറെ നേതൃത്വത്തിൽ സിംഗ് ഇന്ത്യ എന്ന സംഗീത പരിപാടിയും ഒരുക്കിയിട്ടുണ്ട്.

മിസ്റ്റർ യൂണിവേഴ്സ് ചിത്തരേഷ് നടേശൻറെ ശരീര സൗന്ദര്യ പ്രദർശനം, എറണാകുളത്തെ പ്രമുഖ കോളെജുകളിലെ വിദ്യാർഥികളുടെ നൃത്ത പരിപാടി എന്നിവയുമുണ്ടാകും. പ്രവേശനം പാസ് മൂലം നിയന്ത്രിച്ചിട്ടുണ്ടെന്ന് ഷോ ഡയറക്ടർ രാഹുൽ ആന്റണി വാർത്താസമ്മേളനത്തിൽ അറിയിച്ചു. മോഹൻലാലിനുള്ള പിറന്നാൾ സമ്മാനം കൂടിയാണ് താരസംഗമമെന്ന് അദ്ദേഹം പറഞ്ഞു. ഫിലോമിന മൂത്തേടൻ ട്രസ്റ്റ് ആണ് പരിപാടിയുടെ സംഘാടകർ.

എറണാകുളം പ്രസ്ക്ലബിൽ നടന്ന ചടങ്ങിൽ താരസംഗമത്തിൻറെ ആദ്യ ടിക്കറ്റ് വിൽപന നാട്യശ്രീ ചിത്രാ സുകുമാരന് നൽകി മഞ്ഞിൽ വിരിഞ്ഞ പൂക്കൾ സിനിമയുടെ ചീഫ് അസോസിയേറ്റ് ഡയറക്ടറായിരുന്ന സ്റ്റാൻലി ജോസ് നിർവഹിച്ചു. സി.ജി രാജഗോപാൽ (മുത്തു), ഡോ.രാധാമണി, എം ജെ ബേബി, പി.എ ബാലകൃഷ്ണൻ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു. പരിപാടിയുടെ വിജയത്തിനായി ഡോ. സെബാസ്റ്റ്യൻ പോൾ, ഹൈബി ഈഡൻ എം.പി, എന്നിവർ മുഖ്യ രക്ഷാധികാരികളായും ഫാ. വില്യം നെല്ലിക്കൽ കൺവീനറായും സംഘടകസമിതിക്കും രൂപം നൽകിയിട്ടുണ്ട്.ഫാസിൽ രചനയും സംവിധാനവും നിർവഹിച്ച് 1980ൽ പുറത്തിറങ്ങിയ മലയാളചലച്ചിത്രമാണ് മഞ്ഞിൽ വിരിഞ്ഞ പൂക്കൾ. മലയാളത്തിലെ പ്രമുഖനടനായ മോഹൻലാലിൻറെ പുറത്തിറങ്ങിയ ആദ്യചിത്രമെന്ന സവിശേഷതയും ഇതിനുണ്ട്. 'ഒരു തലൈ രാഗം' എന്ന തമിഴ് ചലച്ചിത്രത്തിൽ അഭിനയിച്ചതിനു ശേഷം താരതമ്യേന ഒരു പുതുമുഖമായിരുന്ന ശങ്കർ നായകനായഭിനയിച്ച ഈ ചിത്രത്തിൽ പ്രതിനായകവേഷമാണ് മോഹൻലാൽ കൈകാര്യം ചെയ്തത്.

പൂർണ്ണിമ ജയറാമായിരുന്നു ഈ ചിത്രത്തിലെ നായിക. പൂർണ്ണിമയുടേയും ആദ്യ ചിത്രമായിരുന്നു ഇത്. തമിഴ്നാട്ടിലെ കൊടൈക്കനാലിലും പരിസര പ്രദേശങ്ങളിലുമായാണ് ചിത്രീകരണം പൂർത്തിയാക്കിയത്. 1980 ഡിസംബർ 25 ലെ ക്രിസ്തുമസ് ദിനത്തിൽ ചിത്രം തിയേറ്ററുകളിൽ റിലീസ് ചെയ്തു. 7 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ ചിത്രം ബോക്സ് ഓഫീസിൽ ഒരു കോടിയിലധികം കളക്ഷൻ നേടിയിരുന്നു.

